# ST. ANNE’S C. G. H. S

## WEST FORT, THRISSUR




# ACADEMIC MASTER PLAN 2025 -2026

# <u>ഉള്ളടക്കം</u>


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

# ആമുഖം

തൃശ്ശൂർ പട്ടണത്തിന്റെ തിലകക്കുറിയായി പരിലസിച്ചു നിൽക്കുന്ന സെന്റ് ആൻസ് വിദ്യാലയം അതിന്റെ 100 വർഷങ്ങൾ പിന്നിട്ടിരിക്കുക്കയാണ്. ഫാ. ജോൺ കിഴക്കൂടനച്ചന് പണി ആരംഭിക്കുകയും cmc സിസ്റ്റേഴ്സിന്റെ പരിശ്രമ ഫലമായി വളർന്നു വരികയും ചെയ്ത ഈ വിദ്യാലയം അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു . കാലത്തിനനുസരിച്ച് സ്വീകരിച്ച വിദ്യാഭ്യാസ തന്ത്രത്തിലൂടെ മികവിന്റെ കിരീടം ചൂടികൊണ്ട് നിൽക്കുമ്പോഴും ഇനിയും ചില ലക്ഷ്യങ്ങൾ നിറവേറ്റാനുണ്ടെന്നു ഞങ്ങൾ തിരിച്ചറിയുന്നു. ഈ വിദ്യാലയത്തിൽ 1700 ഓളം വിദ്യാർത്ഥികൾ വിദ്യ തേടിയെത്തുന്നു . അവരെ പരിശീലിപ്പിക്കാൻ 55 ഓളം അധ്യാപകരും ഇവിടെയുണ്ട് .അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രവർത്തന ഫലമായി കലാ കായിക ശാസ്ത്ര സാങ്കേതിക മേഖലകളിൽ സബ്ജില്ലാ - ജില്ലാ സംസ്ഥാന തലത്തിൽ മികച്ച വിജയം നേടാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നുണ്ട് . എസ്. എസ്. എൽ. സി പരീക്ഷയിൽ നേടുന്ന 100% വിജയവും A+ കളും വിദ്യാലയത്തിന്റെ അക്കാദമിക വളർച്ചയെ എടുത്തുകാണിക്കുന്നു.

# **ലക്ഷ്യങ്ങൾ**

- മത നിരപേക്ഷത ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യമായ വിദ്യാഭ്യാസം സമസ്ത വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക .

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

- എൽ. കെ. ജി. മുതൽ പത്താം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും , വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- അധ്യാപനവും അദ്ധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള  വിവിധ പ്രവർത്തനങ്ങൾ.

# വിദ്യാലയ ചരിത്രം

നൂറ് വർഷങ്ങൾ മുൻപ് ആരും തിരിഞ്ഞുനോക്കാത്ത പ്രദേശത്ത് ജോൺ കിഴക്കുടൻ അച്ഛനാൽ 1923 ൽ സ്ഥാപിതമായ വിദ്യാലയമാണ് സെന്റ് ആൻസ്. പ്രൈമറി വിഭാഗം കുട്ടികൾക്ക് മാത്രമാണ് ആരംഭദശയിൽ ഇവിടെ വിദ്യ പ്രധാനം ചെയ്തിരുന്നത്. തുടർന്ന് പെൺകുട്ടികൾക്കായി 1978 ൽ 8 -)0 ക്ലാസ്സ് മുതൽ പ്രവർത്തനം ആരംഭിക്കുകയും വിദ്യാലയം St. Anne's Convent Girls High School ആയി Upgrade ചെയ്തു . 2011-12 വർഷത്തിൽ ഹൈസ്കൂൾ വിഭാഗത്തിനായി പുതിയ മൂന്നുനില കെട്ടിടം പ്രവർത്തനമാരംഭിച്ചു . S S L C പരീക്ഷയിൽ 100 % വിജയം കരസ്ഥമാക്കികൊണ്ട് വിദ്യാലയം ദേശത്തിനൊരു മുതൽക്കൂട്ടായി വർത്തിക്കുന്നു. 2002-03 അധ്യയന വർഷത്തിൽ ഇവിടുത്തെ വിദ്യാർത്ഥിയായ ഹെംലിൻ തോമസ് എന്ന വിദ്യാർത്ഥി 10- )o റാങ്ക് കരസ്ഥമാക്കുകയുണ്ടായി.

വിദ്യാർത്ഥികളുടെ യാത്ര ആവശ്യങ്ങൾ മെച്ചപെടുത്തുന്നതിനായി 2005 ൽ ആദ്യമായി ബസ് സർവീസ് ആരംഭിച്ചു . തുടർന്ന് കൂടുതൽ വിദ്യാർത്ഥികൾക്ക് ഈ ആവശ്യം ലഭ്യമാകുന്നതിനായി 5 ബസുകൾ കൂടി അനുവദിച്ചു . നല്ലൊരു ലൈബ്രറി , ലാബ് , സ്മാർട്ട് റൂം , ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ആധുനിക രീതിയിലുള്ള അടുക്കള എന്നിവയും ഈ വിദ്യലയത്തിനുണ്ട്.

ഹെഡ്മിസ്ട്രസ്സ് സി. മരിയയുടെ മികച്ച നേതൃപാടവത്തിൽ പ്രവർത്തിക്കുന്ന പരിശീലനം നേടിയ അധ്യാപകരും , വിദ്യാർത്ഥികളും , പി ടി എ യും ഈ വിദ്യാലയത്തിനു മുതൽക്കൂട്ടാണ് .അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും , രക്ഷാകർത്താക്കളുടെയും പ്രവർത്തന ഫലമായി കലാ കായിക ശാസ്ത്ര സാങ്കേതിക മേഖലകളിൽ മികച്ചനേട്ടമാണ് ഈ വിദ്യാലയം കൈവരിച്ചു കൊണ്ടിരിക്കുന്നത് . സബ് ജില്ല , ജില്ല , സംസ്ഥാന തലങ്ങളിൽ മികച്ച വിജയം കൈവരിക്കുന്നതിനോടൊപ്പം അക്കാദമിക മേഖലകളിൽ പ്രത്യേകിച്ച് എസ് എസ് എൽ സി പരീക്ഷയിൽ ഉന്നത നിലവാരവും ഇവിടുത്തെ വിദ്യാർത്ഥികൾ കരസ്ഥമാക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ST. ANNE'S C.G.H.S |
| ഫോൺ | 0487 2385135 |
| സ്കൂൾ കോഡ് | 22018 |
| വിദ്യാഭ്യാസ ജില്ലാ | തൃശ്ശൂർ |
| ഉപജില്ലാ | തൃശ്ശൂർ വെസ്റ്റ് |
| യു.ആർ.സി | അരണാട്ടുകര തൃശ്ശൂർ |
| തദ്ദേശ സ്വയംഭരണ സ്ഥാപനം | കോർപ്പറേഷൻ |
| ജില്ലാ | തൃശ്ശൂർ |
| സംസ്ഥാനം | കേരളം |
| വിലാസം | ST. ANNE'S C.G.H.S<br>WEST FORT, THRISSUR |

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Thrissur | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | ST. ANNE`S C. G. H. S. WEST FORT THRISSUR |
| 2 | വിലാസം | WEST FORT |
| 3 | ഫോൺ നമ്പർ | 04872385135 |
| 4 | ഇ-മെയിൽ വിലാസം | stannescghs@gmail.com |
| 5 | സ്കൂൾ കോഡ് | 22018 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | പെൺകുട്ടികൾ |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 1 അവസാനം: 10 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര ് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Thrissur West |
| 11 | വിദ്യാഭ്യാസ ജില്ല | Thrissur |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1923 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Thrissur |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Thrissur |
| 15 | റൂറൽ/അർബൻ | Urban |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Thrissur |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Thrissur |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

| ആറാം അദ്ധ്യയനദിനം 10 ജൂൺ 2025 | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | |
| **STD** | **No of Divisions** | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **1** | 3 | 40 | 59 | 99 | 9 | 8 | 17 | 0 | 1 | 1 | 1 | 4 | 5 | 11 | 24 | 35 | 15 | 13 | 28 | 4 | 9 | 13 | 26 | 39 | 65 | 14 | 20 | 34 |
| **2** | 3 | 41 | 62 | 103 | 4 | 9 | 13 | 1 | 0 | 1 | 0 | 6 | 6 | 23 | 28 | 51 | 11 | 15 | 26 | 3 | 4 | 7 | 33 | 40 | 73 | 8 | 22 | 30 |
| **3** | 3 | 44 | 71 | 115 | 4 | 10 | 14 | 0 | 0 | 0 | 3 | 3 | 6 | 19 | 27 | 46 | 16 | 27 | 43 | 2 | 4 | 6 | 35 | 50 | 85 | 9 | 21 | 30 |
| **4** | 3 | 42 | 49 | 91 | 8 | 6 | 14 | 1 | 0 | 1 | 2 | 4 | 6 | 12 | 21 | 33 | 17 | 12 | 29 | 2 | 6 | 8 | 26 | 37 | 63 | 16 | 12 | 28 |
| **5** | 3 | 55 | 98 | 153 | 3 | 11 | 14 | 0 | 0 | 0 | 2 | 2 | 4 | 26 | 42 | 68 | 20 | 37 | 57 | 4 | 6 | 10 | 41 | 70 | 111 | 14 | 28 | 42 |
| **6** | 3 | 42 | 101 | 143 | 1 | 11 | 12 | 0 | 1 | 1 | 4 | 5 | 9 | 21 | 46 | 67 | 14 | 28 | 42 | 2 | 10 | 12 | 27 | 73 | 100 | 15 | 28 | 43 |
| **7** | 3 | 43 | 103 | 146 | 1 | 7 | 8 | 0 | 0 | 0 | 0 | 4 | 4 | 25 | 39 | 64 | 13 | 44 | 57 | 4 | 9 | 13 | 34 | 72 | 106 | 9 | 31 | 40 |
| **8** | 4 | 0 | 131 | 131 | 0 | 12 | 12 | 0 | 0 | 0 | 0 | 6 | 6 | 0 | 56 | 56 | 0 | 40 | 40 | 0 | 17 | 17 | 0 | 89 | 89 | 0 | 42 | 42 |
| **9** | 3 | 0 | 134 | 134 | 0 | 10 | 10 | 0 | 0 | 0 | 0 | 4 | 4 | 0 | 43 | 43 | 0 | 58 | 58 | 0 | 19 | 19 | 0 | 78 | 78 | 0 | 56 | 56 |
| **10** | 3 | 0 | 143 | 143 | 0 | 12 | 12 | 0 | 0 | 0 | 0 | 6 | 6 | 0 | 60 | 60 | 0 | 51 | 51 | 0 | 14 | 14 | 0 | 98 | 98 | 0 | 45 | 45 |
| ആകെ | | 307 | 951 | **1258** | 30 | 96 | 126 | 2 | 2 | 4 | 12 | 44 | 56 | 137 | 386 | 523 | 106 | 325 | 431 | 21 | 98 | 119 | 222 | 646 | 868 | 85 | 305 | 390 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **1** | 2 | 0 | 2 | 38 | 59 | 97 | 0 | 0 | 0 | 0 | 0 | 0 | 40 | 59 | 99 |
| **2** | 1 | 0 | 1 | 40 | 62 | 102 | 0 | 0 | 0 | 0 | 0 | 0 | 41 | 62 | 103 |
| **3** | 1 | 3 | 4 | 43 | 68 | 111 | 0 | 0 | 0 | 0 | 0 | 0 | 44 | 71 | 115 |
| **4** | 4 | 3 | 7 | 38 | 46 | 84 | 0 | 0 | 0 | 0 | 0 | 0 | 42 | 49 | 91 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **5** | 7 | 4 | 11 | 48 | 94 | 142 | 0 | 0 | 0 | 0 | 0 | 0 | 55 | 98 | 153 |
| **6** | 2 | 4 | 6 | 40 | 97 | 137 | 0 | 0 | 0 | 0 | 0 | 0 | 42 | 101 | 143 |
| **7** | 2 | 10 | 12 | 41 | 93 | 134 | 0 | 0 | 0 | 0 | 0 | 0 | 43 | 103 | 146 |
| **8** | 0 | 8 | 8 | 0 | 123 | 123 | 0 | 0 | 0 | 0 | 0 | 0 | 0 | 131 | 131 |
| **9** | 0 | 22 | 22 | 0 | 112 | 112 | 0 | 0 | 0 | 0 | 0 | 0 | 0 | 134 | 134 |
| **10** | 0 | 10 | 10 | 0 | 133 | 133 | 0 | 0 | 0 | 0 | 0 | 0 | 0 | 143 | 143 |
| ആകെ | 19 | 64 | 83 | 288 | 887 | 1175 | 0 | 0 | 0 | 0 | 0 | 0 | 307 | 951 | **1258** |

| ഭാഷാടിസ്ഥാനത്തിലുള്ള കട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
| | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ | ആൺ കട്ടികൾ | പെൺ കട്ടികൾ | ആകെ |
| **1** | 40 | 59 | 99 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **2** | 41 | 62 | 103 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **3** | 44 | 71 | 115 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **4** | 42 | 49 | 91 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **5** | 41 | 73 | 114 | 13 | 24 | 37 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **6** | 35 | 68 | 103 | 7 | 33 | 40 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **7** | 31 | 77 | 108 | 12 | 26 | 38 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **8** | 0 | 107 | 107 | 0 | 24 | 24 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **9** | 0 | 114 | 114 | 0 | 20 | 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **10** | 0 | 118 | 118 | 0 | 25 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 274 | 798 | 1072 | 32 | 152 | 184 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കട്ടികളുടെ എണ്ണം

| STANDARD | ARABI | | | URDU | | | KONKINI | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on July 23, 2025, 1:49 pm

# വിദ്യാലയം മികവിന്റെ കേന്ദ്രം

ഏറെ വെല്ലുവിളികൾ നേരിടുന്ന ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഗുണപ്രദവും അനുയോജ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനു പ്രധാനധ്യപികയുടെ നേതൃത്വത്തിൽ പരിശീലനം സിദ്ധിച്ച അധ്യാപകർ കർമനിരതരായി ഇവിടെ സേവനം ചെയ്തു വരുന്നു. Smart Class Room, LED TV കൾ , COMPUTER കൾ എന്നീ ആധുനിക സംവിധാനങ്ങൾ സ്കൂളിൽ ഒരുക്കിയിയിട്ടുണ്ട് . അതിനായി വിദ്യാർത്ഥികൾ , രക്ഷകർത്താക്കൾ , P.T.A ,M.P.T.A ,O.S.A, R.T.A എന്നിവരെല്ലാം സഹകരിച്ചു വിദ്യാലയത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഇവിടെ വിദ്യാർത്ഥികൾക്കായി നിരന്തര മൂല്യനിർണയവും, പരിഹാരബോധ മാർഗങ്ങളും നടപ്പിലാക്കി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി സഹായ പദ്ധതികൾ , ചികിത്സ സഹായം, വിവിധ സ്കോളർഷിപ്പുകൾ എന്നിവ നൽകുന്നുണ്ട്.. SRG , SSG എന്നിവ നല്ല നിലയിൽ ഇവിടെ പ്രവർത്തിക്കുന്നു . നടപ്പിലാക്കുന്ന ചില പ്രധാന പ്രവർത്തനങ്ങൾ പരിസ്ഥിതി ദിനാചരണം , CD ലൈബ്രറി , ശിശുദിനം , ലഹരി വിരുദ്ധ ദിനം , ഗൈഡിങ്ങ് , ബുൾബുൾ,റെഡ് ക്രോസ്സ്, ലിറ്റിൽ കൈറ്റ്സ് , സ്കൂൾ ബസ്,ബാൻഡ് സെറ്റ് , കമ്പ്യൂട്ടർ എഡ്യുക്കേഷൻ , സ്മാർട്ട് ക്ലാസ്സ്, വിഷ രഹിത പച്ചക്കറി തോട്ടം , പത്രങ്ങൾ , ക്വിസ് മത്സരം , പ്രസംഗ മത്സരങ്ങൾ , ദിനാചരണങ്ങൾ , ബോധവൽക്കരണ ക്ലാസ്സുകൾ , സ്കൂൾ തല യൂത്ത് ഫെസ്റ്റിവൽ , എക്സിബിഷൻ , സ്കൂൾ സ്പോർട്സ് , കരാട്ടെ , ചെസ്സ്, യോഗ,വയലിൻ , കാരുണ്യ പ്രവർത്തനങ്ങൾ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ , SPOKEN ഇംഗ്ലീഷ് ക്ലാസുകൾ , മ്യൂസിക് , പ്ലാസ്റ്റിക് നിർമാർജനം എന്നിവയാണ്.

മെച്ചപ്പെട്ട ഭാഷ പഠനത്തിലൂടെ മൺമറഞ്ഞ വായനയെ പുനരുദ്ധരിക്കുന്നതിനും സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.അക്ഷരായനം,ഹലോ-ഇംഗ്ലീഷ് എന്നിവ നടപ്പിലാക്കുന്നു.വിദ്യാർത്ഥികൾക്കായി അയ്യായിരത്തിൽ പരം ഗ്രന്ഥങ്ങളടങ്ങുന്ന ലൈബ്രറിയും, ക്ലാസ്സ് ലൈബ്രറിയും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു .

കഴിഞ്ഞ കുറെ വർഷങ്ങളായി വിവിധ മേഖലകളിൽ ഈ വിദ്യാലയം മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് . എസ് എസ് എൽ സി പരീക്ഷയിൽ 100 % വിജയവും 39 ഫുൾ എ പ്ലസ്സും ലഭിച്ചു . LSS, USS, SKT സ്കോളർഷിപ്പും ലഭിച്ചു

ശാസ്ത്ര സാഹിത്യ മേഖലകളിൽ സംസ്ഥാന തലങ്ങളിൽ വിവിധ വിഭാഗങ്ങളിൽ എ ഗ്രേഡ് ലഭിക്കുന്നതോടൊപ്പം ബാൻഡ് ടീമുക്കൾ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടി വരുന്നു.Arm Wrestling state, National എന്നീ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കാൻ സാധിച്ചു . നന്മ മാതൃഭൂമി പുരസ്കാരം എന്നിവയും സ്കൂളിനു ലഭിച്ചു. ഓരോ മേഖലകളിലും സ്കൂൾ ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് വളർന്നു കൊണ്ടിരിക്കുകയാണ്.

# <u>പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ</u>

1. S. R . G യോഗത്തിൽ സ്കൂളിന്റെ വികസനം- അവതരിപ്പികലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതീകം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച കരട് രൂപരേഖ തയ്യാറാക്കൽ .
3. കരട് രൂപരേഖ SRG, SMC , PTA,MPTA , OSA, SDC രാഷ്ട്രീയ സംഘടന പ്രതിനിധികൾ , ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പി. ടി. എ നേതൃത്വത്തിൽ ക്രോഡീകൃതം പദ്ധതി രേഖ തയ്യാറാക്കൽ.

# <u>നിലവിലെ അവസ്ഥ വിശകലനം</u>

**ഒരു കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർ ഗ്ഗപരമായ എല്ലാ കഴിവുക്കളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമക്കുമ്പോൾ ആണ് യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ .അതിനായി ഇനിയും ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കുന്നു.**

**ആധുനിക സാങ്കേതിക വിദ്യയുടെ കാലഘട്ടത്തിലൂടെയാണ് നാം പോകുന്നതെങ്കിലും ഐ , സി. ടി സാധ്യതയുടെ അപര്യാപ്തത കുട്ടികളുടെ പഠന മികവിനെ സാരമായി ബാധിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് കുറച്ചും കൂടി കമ്പ്യൂട്ടറുകൾ ലാബിൽ വയ്ക്കണമെന്നു ആഗ്രഹിക്കുന്നു.**

**ഭാഷ നൈപുണിയിൽ പിന്നോക്കം നിൽകുന്ന വിദ്യാർത്ഥികളെ ഭാഷാപരമായ കഴിവുകൾ നേടുന്നതിനു സഹായിക്കുന്ന ഒരു ലാംഗ്വേജ് ലാബ് ഉണ്ടാകേണ്ടതുണ്ട് . യു .പി ക്ലാസ്സുകളിലെ കുട്ടികൾക്കായി LCD PROJECTOR കൾ ഉണ്ടായാൽ നന്നയിരിക്കും.**

**ജലക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ഈ വിദ്യാലയത്തിൽ ഒരു മഴവെള്ള സംഭരണി ആവശ്യമായിരിക്കുകയാണ്. ആധുനിക സൗകര്യങ്ങൾ ഉള്ള ടൈയിൽ പാകിയ ഒരു അടുക്കള എന്ന സ്വപ്നം വിദ്യാലയം വിജയകരമായി സാധിച്ചുകഴിഞ്ഞിരിക്കുന്നു.**

# <u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ</u>

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്ര പോഷണ പരിപാടി<br>• വായന പരിപോഷണം<br>• ലൈബ്രറി ശാസ്ത്രീകരണം<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ കായിക മേള<br>• ഐ .ടി പരിപാലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ്സ് PTA സജീവമാക്കൽ<br>• പ്രവർത്തി പരിചയ പഠനം<br>• SRG ശാക്തീകരണം<br>• പച്ചക്കറി തോട്ടം<br>• പോഷകാഹാര പരിപാടി<br>• ദിനാചരണം<br>• കായിക പഠനം<br>• ടേം മൂല്യനിർണയം | • കളിസ്ഥലം<br>• ക്ലാസ്സ് മുറികൾ<br>• അടുക്കള<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ജന്മ ദിനതിനൊരു പുസ്തകം<br>• ചിത്രരചനാ<br>• എന്റെ വീട്ടിലും ഒരു കൃഷി തോട്ടം<br>• ഭാഷോത്സവം<br>• ഗണിതോത്സവം | • പി.ടിഎ ശക്തിപ്പെടുത്തൽ<br>• SMC കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ , വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പൂർവ്വാധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജന പ്പെടുത്തൽ<br>• പ്രാദേശിക പി. ടി.എ<br>• ഭവന സന്ദർശനം<br>• പൊതിചോറ് വിതരണം<br>• ഓർഫനേജ് സന്ദർശനം<br>• ആദിവാസി കോളനി സന്ദർശനം |

| അക്കാദമികം<br>മലയാളം ഉപമേഖല- ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സ്വന്തമായി ഭാഷ ശൈലി രൂപീകരിക്കൽ സ്വയം രചനയിൽ ഏർപ്പെടൽ | വിവിധ സാഹിത്യകാരന്മയുള്ള അഭിമുഖം,അവരുടെ എഴുത്തനുഭവ ശൈലി പരിചയപ്പെടൽ<br><br>വിവിധ പുസ്തകങ്ങൾ വായിക്കാനുള്ള അവസരം | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ | അധിക സമയം കണ്ടെത്തി കുട്ടികളെ ലളിതമായ പ്രവർത്തനങ്ങളിലൂടെ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു വാക്കുകൾ പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ ഉറപ്പിക്കുന്നു തുടങ്ങിയവ | ആഴ്ച്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | പലതരത്തിലൂടെ കണ്ടെത്തിയ ലൈബ്രറി പുസ്തകങ്ങൾ വർഗ്ഗീകരിക്കുന്നു. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ സജ്ജമാക്കുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | തിരഞ്ഞെടുക്കുന്ന കുട്ടികൾ,പി ടി എ, അധ്യാപകർ | |
| കുട്ടികളുടെ സർഗ്ഗശേഷിയെ പ്രോത്സാഹിപ്പിക്കൽ | കുട്ടികളിൽ കഥ,കവിത, നാടകം തുടങ്ങിയ രചനകൾ മെച്ചപ്പെടുത്താൻ ശില്പശാല നടത്തുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | വിവിധ മേഖലകളിൽ പ്രശസ്തരായവർ , അധ്യാപകർ | |
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള നോവലുകൾ, ചെറുകഥകൾ എന്നിവ നാടകരൂപത്തിലാക്കൽ പ്രശസ്ത കവിതകളുടെ നൃത്താവിഷ്കാരം | ടേമിൽ ഒരു പ്രാവശ്യം | മലയാളം അധ്യാപകർ | |
| ഭാഷയിൽ എല്ലാ കുട്ടികളെയും ഉന്നത നിലവാരത്തിൽ എത്തിക്കൽ | എല്ലാ കുട്ടികൾക്കും പത്ര വായനയ്ക്ക് അവസരം, ലൈബ്രറി പുസ്തക വായന , അക്ഷരങ്ങൾ നൽകി അർത്ഥമുള്ള വാക്കുകൾ നിർമിക്കൽ , പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളുടെ ദൃശ്യാവിഷ്കാരം | ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം | മലയാളം അധ്യാപകർ | |

| ഇംഗ്ലീഷ് ഉപമേഖല- ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷണത്തിൽ മികവു നേടുക | പാനൽ ഡിസ്കഷൻ നടത്തുന്നതിനായി വിവിധ സ്റ്റാൻഡേർടുകളിൽ വിവിധ വിഷയങ്ങൾ നൽകുന്നു | വർഷത്തിൽ 3 തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാഷണചാതുര്യവും ശ്രുവണശേഷിയും വർദ്ധിപ്പിക്കൽ | എഫ്. എം റേഡിയോ പ്രക്ഷേപണം -സ്കൂളിൽ ലഭിക്കുന്ന ഇടവേളകളിൽ ഓരോ സ്റ്റാൻഡേർഡിൽ നിന്നും ഓരോ പരിപാടി ഉൾപ്പെടുത്തി അവതരണശൈലിയിൽ മികവോടെ സ്കൂളിൽ അവതരിപ്പിക്കുന്നു | വർഷത്തിൽ 2 തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| സാഹിത്യ ലോകത്തെ പരിചയപ്പെടൽ | ലോകസാഹിത്യത്തിൽ ഇടം പിടിച്ച പ്രധാന സാഹിത്യ കൃതികളിൽ അവയെ വ്യത്യസ്ത രൂപത്തിലും അവർ എഴുതിയ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലും കുട്ടികളുടെയും മറ്റും പുറമെയുള്ള ലൈബ്രറികളിൽ നിന്നും കണ്ടെത്തി വായനയ്ക്ക് അവസരമൊരുക്കുന്നു | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിൽ അവതരിപ്പിക്കൽ | കുട്ടികൾ വയികാഹതോ പഠിച്ചതോ ആയ കഥ/ നോവൽ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാശാശ്രുവണവും സംഭാഷണ ചാതുര്യവും വളർത്തൽ | ഓപ്പൺ ഫോറം - പ്രത്യേകം തയ്യാറാക്കിയ സ്ഥാനങ്ങളിൽ വിവിധ കഥാപാത്രങ്ങളെ അണിനിരത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | |
| പദ്യഭാഗത്തെ ദൃശ്യശ്രാവ്യ സഹായത്തോടെ പിൻചെല്ലൽ | കോറിയോഗ്രഫി - പദ്യഭാഗം ശബ്ദ ആംഗ്യപ്രവർത്തനങ്ങളോടെ അവതരിപ്പിക്കുക | വർഷത്തിൽ 3 തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| ഗ്രാമർ , പാഠഭാഗ പ്രവർ ത്തനങ്ങൾ ദൃശ്യ മാധ്യമങ്ങളിലൂടെ ആവിഷ്കരിക്കൽ | ഇംഗ്ലീഷ് എക്സ്പോ - ദൃശ്യ മാധ്യമങ്ങൾഉപയോഗപ്പെടുത്തി കൊണ്ട് പാഠഭാഗങ്ങളുടെ അവതരണം നടത്തുന്നു | വർഷത്തിൽ 1 തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| സംസാര ഭാഷയായി ഇംഗ്ലീഷിനെ മാറ്റിയെടുക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളുടെ സംഭാഷണം , പാഠ അവതരണം സംസാര ഭാഷയായി ഇംഗ്ലീഷിൽ നടത്തുന്നു | വർഷത്തിൽ 3 തവണ | ഇംഗ്ലീഷ് അധ്യാപകർ | |

| ദിനാചരണം ഉപമേഖല - സമഗ്ര വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനച്ചരനങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു . നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | | |
| **ഗ്രന്ഥശാല ശാക്തീകരണം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം | ഭവനങ്ങളിൽ നിന്നും കണ്ടെത്തിയ പുസ്തകങ്ങൾ വിദ്യാലയത്തിൽ എത്തിക്കൽ | 1 വർഷം | ക്ലാസ്സ് അധ്യാപകർ | |
| **പച്ചക്കറി തോട്ടം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യലയത്തിന്റെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ 1 | കാർഷിക ക്ലബ് | |
| **പോഷകാഹാര പരിപാടി** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള ശരീരം പഠനത്തിനു അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, HM,P.T.A | |

| ഗണിതം ഉപമേഖല<br>ഗണിത ശേഷികൾ നേടൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കുക | ഗണിത പഠനം ലളിതവും രസകരവുമാക്കുന്നു.<br>ഐ . സി . ടി സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | രക്ഷിതാക്കളുടെ പിന്തുണ ഉല്ലാസ ഗണിതം ഉറപ്പാക്കുന്നു.<br><br>ജ്യാമിതീയ പാറ്റേണുകൾ , രൂപങ്ങൾ തിരിച്ചറിയുന്നു . സംഖ്യപാറ്റേണുകൾ, ഗുണനപട്ടിക ഉപയോഗം | ജൂലായ് മുതൽ ഓഗസ്റ്റ് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു .<br>(സങ്കലനം, വ്യവകലനം ,ഗുണനം, ഹരണം )<br><br>സെമിനാർ , ക്വിസ് ,ഗണിതോത്സവം | ജൂൺ മുതൽ മാർച്ച് വരെ<br><br>സെപ്റ്റംബർ | ഗണിത അധ്യാപകർ | |
| വസ്തുക്കളെ ഗണിതശയങ്ങൾ ഉൾ പ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു | ജ്യമിതീയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു .<br><br>കുട്ടികൾ സ്വന്തമായി വർക്കുഷീറ്റുകൾ നിർ മിച്ചു അവതരിപ്പിക്കുന്നു. | ഒക്ടോബർ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| സംഖ്യാ ബോധം , സംഖ്യാ വ്യാഖ്യാനം , ചതുഷ് ക്രിയകൾ | സ്ഥാനവില പോക്കറ്റ് , വർക്ക്ഷീറ്റുകൾ ,സംഖ്യ കാർഡ്,<br>അബാകസ് | നവംബർ മുതൽ ഡിസംബർ വരെ | ഗണിത അധ്യാപകർ | |
| കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനും പ്രാപ്തരാക്കുന്നു | ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം ,ഗുണനം, ഹരണം എന്നിവ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു . | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| ഗണിതശയങ്ങൾ എളുപ്പത്തിൽ മനസിലാക്കുന്നതിന്. | ചുവർപത്രിക നിർമ്മാണം .<br>ജിയോജിബ്ര ഉപയോഗിച്ച് ഗണിതാഷയങ്ങൾ പരിചയപ്പെടുന്നു .<br>ഗണിതകേളികൾ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| പഠിച്ച കാര്യങ്ങളുടെ പ്രതിഫലനം . | ഗണിതോത്സവം | മാർച്ച് | ഗണിത അധ്യാപകർ | |

| ശാസ്ത്രം ഉപമേഖല<br>ശാസ്ത്രാഭിരുചി വളർത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശാസ്ത്ര നേട്ടങ്ങൾ പരിചയപ്പെടുത്തുന്നതിന് . | ശാസ്ത്ര നേട്ടങ്ങൾ പരിചയപ്പെടുത്തുന്നതിനും ശാസ്ത്രത്തിന്റെ വളർച്ചയിലെ നാളിതുവരെയുള്ള പ്രധാന ശാസ്ത്രജ്ഞൻമാരെയും പരിചയപ്പെടുത്തുന്ന പ്രദർശനം സംഘടിപ്പിക്കുന്നു .<br>ചന്ദ്രയാൻ വിക്ഷേപണത്തെ കുറിച്ച് ഐ. സി. ടി. പ്രദർശനം നടത്തുന്നു.<br>മോഡൽ പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് (സയൻസ് അധ്യാപകർ) | |
| ശാസ്ത്രതത്വങ്ങൾ തിരിച്ചറിയുന്നതിനും ശാസ്ത്രാവബോധം വളർത്തുന്നതിനും . | ലാബ് സന്ദർശനവും ലാബ് ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു.<br>കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് പരീക്ഷണങ്ങൾ നടത്തുന്നു. | ആഴ്ചയിൽ ഒരിക്കൽ | സയൻസ് അധ്യാപകർ | |
| ചുറ്റുപാടുകളെ ശാസ്ത്രീയമായി വിലയിരുത്തുന്നതിന് . | യു. പി , എച്ച് .എസ്സ് വിഭാഗം കുട്ടികളെ ഉൾപ്പെടുത്തി പഠന യാത്രകൾ സംഘടിപ്പിക്കുന്നു .<br>വിജ്ഞാൻ സാഗർ സന്ദർശിക്കുന്നു .<br>കാർഷിക സർവ്വകലാശാല സന്ദർശിച്ച് വിവിധ കൃഷിരീതികൾ പരിചയപ്പെടുന്നു. | വർഷത്തിൽ 2 തവണ | സയൻസ് അധ്യാപകർ | |
| ശാസ്ത്രം പ്രവർത്തനാധിഷ്ഠിതമാണെന്ന് മനസ്സിലാക്കുന്നതിന് | ശാസ്ത്രമേളയിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുക. പങ്കാളിത്തം ഉറപ്പ് വരുത്തുക . | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് (സയൻസ് അധ്യാപകർ ) | |

| ശാസ്ത്രം ഉപമേഖല<br>ശാസ്ത്രാഭിരുചി വളർത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർ ത്തിയെടുക്കുക. | പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു.<br>വൃക്ഷ തൈ വിതരണം ചെയ്യുന്നു . | വര് ഷത്തിൽ ഒരിക്കൽ | എക്കോ ക്ലബ് (ബയോളജി അധ്യാപകർ ) | |
| ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുന്നതിന് | 'ബീറ്റ് പ്ലാസ്റ്റിക്' എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് പ്ലാസ്റ്റിക് ക്യാരി ബാഗ് ഒഴിവാക്കാൻ തുണി കൊണ്ടും പേപ്പർ കൊണ്ടുമുള്ള ബാഗുകളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു .<br><br>പ്ലാസ്റ്റിക് വസ്തുക്കളുപയോഗിച്ച് കൗതുക വസ്തുക്കളുടെ നിർമാണം.<br>ജൈവ അജൈവ വസ്തുക്കളുടെ വെയ്റ്റ് മാനേജ്മെൻ്റ് നടത്തുന്ന വിധം പരിശീലിപ്പിക്കുന്നു . | ഒരു മാസ കാലം | സയൻസ് ക്ലബ് ((കെമിസ്ട്രി അധ്യാപകർ ) | |
| കുട്ടികളിൽ കാർഷിക അഭിരുചി വളർത്തിയെടുക്കൽ | വിത്ത് വിതരണം , ഗ്രോബാഗ് വിതരണം എന്നിവയിലൂടെ കുട്ടികൾ വീട്ടുകളിൽ ചെയ്യു കാർഷിക പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നു. | വർഷം മുഴവൻ | കാർഷിക ക്ലബ് (ബയോളജി അധ്യാപകർ) | |
| ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിന് . | എൽ . ഇ. ഡി ബൾബ് നിർമാണം, current bill ശേഖരിച്ച് സർവ്വേ നടത്തി ഉപയോഗം കുറക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തി പ്രോജെക്റ്റ് രൂപത്തിൽ അവതരിപ്പിക്കുന്നു . | ഒരു മാസ കാലം | എനർജി ക്ലബ്<br><br>(ഫിസിക്സ് അധ്യാപകർ) | |
| കുട്ടികളിൽ മികച്ച ആരോഗ്യം ഉറപ്പ് വരുത്തുന്നതിന് . | ചെറുധാന്യങ്ങളുടെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ നടത്തുന്നു.<br><br>ചെറുധാന്യങ്ങളെ പരിചയപ്പെടുത്തുന്നു .<br>ഇൻറർനാഷണൽ ഇയർ ഓഫ് മില്ലറ്റ് ഡേയോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുക . | മൂന്നു മാസ കാലം | ഹെൽത്ത് ക്ലബ് (ബയോളജി അധ്യാപകർ) | |
| കുട്ടികളിൽ ശാസ്ത്രീയ കൗതുകം ഉണർത്തുന്നതിന് . | നിത്യജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടാനും ശാസ്ത്ര തത്വങ്ങൾ തിരിച്ചറിയാനും അവസരം നൽകുന്നു.<br>പഠിച്ച ശാസ്ത്രതത്വങ്ങൾ പ്രദർശിപ്പികാനായി സ്കൂൾ തലത്തിൽ ശാസ്ത്രമേള സംഘടിപ്പിക്കുന്നു. | വർഷം മുഴവൻ (ആഴ്ചയിൽ<br><br>ഒരിക്കൽ) | സയൻസ് ക്ലബ് (സയൻസ് അധ്യാപകർ ) | |

| സാമൂഹ്യശാസ്ത്രം ഉപമേഖല<br>സാമൂഹ്യ ശാസ്ത്രാഭിരുചി വളർത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക . | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെ കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്,പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | വർഷത്തിൽ 3 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| സമൂഹ പങ്കാളിത്തം ഉറപ്പാക്കുക . | സമൂഹത്തിലെ പ്രധാനപ്പെട്ട വ്യക്തികളുമായി അഭിമുഖം സംഘടിപ്പിക്കൽ . | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നത് . | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ , സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ . | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| സമൂഹത്തിലെ ആനുകാലിക സംഭവങ്ങളെ പരിചയപ്പെടുത്തൽ | സമൂഹത്തിലെ ആനുകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| സാമൂഹികശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തൽ | പ്രകടന പത്രിക , പ്രചാരണം, മീറ്റ് ദി ക്യാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് പ്രധാന വാർത്തകൾ പ്രദർശിപ്പിക്കൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| രാഷ്ട്ര പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം | കുട്ടികളുടെ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു | വർഷത്തിൽ 2 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| പുരാവസ്തുക്കളെ പരിചയപ്പെടുത്തൽ | കുട്ടികളുടെ വീടുകളിൽ നിന്നും കൊണ്ടുവന്ന പുരാവസ്തുക്കളുടെ പ്രദർശനം | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

| ഹിന്ദി ഉപമേഖല<br>ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വായിക്കുവാൻ സാധിക്കണം. | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ , വർണ ചിത്രങ്ങൾ അടങ്ങിയ ലളിതമായ ഹിന്ദി പുസ്തകങ്ങൾ , ബാലമാസികകൾ , വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ , ഹിന്ദി അസ്സംബ്ലി ക്രമീകരിക്കുക. | വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷ നന്നായി എഴുതുവാൻ കുട്ടികളെ പ്രാപ്തരാക്കുക | ചെറിയ ക്ലാസുകളിൽ കോപ്പിബുക്കുകളിൽ കുട്ടികളെ എഴുതിപ്പിക്കുന്നു.ഹൈസ്കൂൾ കുട്ടികൾക്ക് ചുമർ പത്രിക , രചനകൾ എന്നിവ ചെയ്യുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്നു. | ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അസ്സംബ്ലി | ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസ്സംബ്ലി നടത്തുന്നു. അന്നേ ദിവസം പ്രാർത്ഥന , പ്രതിജ്ഞ, വാർത്ത തുടങ്ങിയവ എല്ലാം ഹിന്ദി ഭാഷയിലായിരിക്കും | ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി മത്സരങ്ങൾ | ഹിന്ദിയിൽ പറയാനും , എഴുതാനും, പാടാനും മികവുപുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും . | വർഷത്തിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | |
| ദിനാചരണങ്ങൾ സംഘടിപ്പിക്കും | ഹിന്ദി ദിവസം, പ്രേം ചന്ദ് ജയന്തി , പരിസ്ഥിതിദിനം തുടങ്ങിയ ദിവസങ്ങളിൽ ഹിന്ദി ഭാഷാ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ക്ലബ് രൂപീകരണം | ഹിന്ദി ഭാഷാപ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ് രൂപീകരണം നടത്തും. | വർഷത്തിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | |
| വിവര സാങ്കേതിക വിദ്യയിൽ , ഹിന്ദിഭാഷ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കും. | ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർഥികൾക്ക് നൽകും | വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം | ഹിന്ദി അധ്യാപകർ | |

| സംസ്കൃതം ഉപമേഖല<br>ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സംസ്കൃത പഠനം കാര്യക്ഷമമാക്കണം | വായനയും , എഴുത്തും അറിയാത്തവർക്ക് സ്പെഷ്യൽ ക്ലാസ്സ് (ഒഴിവ് സമയങ്ങളിൽ) | 1 വർഷം | സംസ്കൃത അധ്യാപിക | |
| ഭാഷാ നൈപുണി വർദ്ധിപ്പിക്കൽ | നിത്യോപയോഗ വസ്തുക്കളുടെ പ്രദർശിനി സംഭാഷണ ശിബിരം , ഗ്രാമർ ക്ലാസ്സ് | ഒന്നോ രണ്ടോ ദിവസങ്ങൾ | സംസ്കൃത അധ്യാപിക | |
| സംസ്കൃതവുമായി ബന്ധപ്പെട്ട കുട്ടികളുടെ സർഗാത്മകത വർദ്ധിപ്പിക്കൽ | സംസ്കൃതത്തിലുള്ള കൂടിയാട്ടാചാര്യന്മാരുമായുള്ള അഭിമുഖം , പഠനം , സംസ്കൃതോത്സവത്തിനുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പരിശീലനം , ആയുർ വേദ കോളേജുകൾ , സംസ്കൃത ഗ്രാമം തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള പഠന യാത്രകൾ | ഒന്നോ രണ്ടോ ദിവസങ്ങളിലായി | സംസ്കൃത അധ്യാപകരുടെ നേതൃത്വത്തിൽ | |
| കുട്ടികളിൽ സംസ്കൃത സാഹിത്യ വാസനകളെ വർദ്ധിപ്പിക്കൽ | സംസ്കൃത കവികളെ കുറിച്ചുള്ള പ്രതിപാദ്യം , ഒപ്പം സാഹിത്യ രചനകൾ കുട്ടികളിൽ നിന്നും സമാഹരിക്കുന്നു | 1 വർഷം | സംസ്കൃത അധ്യാപിക | |
| കലാ - വിദ്യാഭ്യാസം<br>കലാവാസന വളർത്തുന്നതിന് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കലാ വാസനകൾക്ക് പരിപോഷണം | നൃത്തം, നാടകം തുടങ്ങിയ കലകളിൽ കുട്ടികൾക്ക് പരിശീലനം സംഘടിപ്പിക്കുന്നു . നൃത്തം കുട്ടികളെ പഠിപ്പിക്കുന്നു. അവധി കാലത്ത് ക്യാമ്പ് സംഘടിപ്പിക്കുന്നു. | സ്കൂൾ അവധി ദിവസങ്ങൾ | ചിത്രകല അധ്യാപിക | |
| ചിത്ര രചനയിൽ പ്രാവിണ്യം നേടൽ | അവധികാലത്ത് ചിത്രരചനാ ക്യാമ്പ് സംഘടിപ്പിക്കുന്നു . ശില്പ ശാല സംഘടിപ്പിക്കുന്നു . അവധി ദിവസങ്ങളിൽ ശില്പശാല സംഘടിപ്പിക്കുന്നു. അതിന് മുന്നോടിയായി കുട്ടികളെ സെപ്റ്റംബർ മാസം മുതൽ ചിത്രം വരയ്ക്കാൻ ഉദ്ദേശിക്കുകയും കുട്ടികൾ വരച്ച ചിത്രങ്ങൾ ഉപയോഗിച്ച് ചിത്രപ്രദർശനം നടത്താൻ ഉദ്ദേശിക്കുകയും ചെയ്യുന്നു | ഏപ്രിൽ മാസം മുതൽ മൂന്നോ അതിലധികമോ അവധി ദിനങ്ങൾ | ചിത്രകല അധ്യാപിക | |

| ഐ . ടി ഉപമേഖല<br>വിവര സാങ്കേതിക വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വിവര സാങ്കേതിക GIMP,InKscape,KolorPaint എന്നീ സോഫ്റ്റ്‌വെറുകൾ ഉപയോഗിച്ച് പോസ്റ്റർ , ലോഗോ, കാർഡ് നിർമ്മാണം | പരിസര ശുചിത്വം വ്യക്തമാക്കുന്ന പോസ്റ്റർ ,ലോഗോ , കാർഡ് എന്നിവ നിർമിച്ച് സ്കൂളിൽ പ്രദർശിപ്പിക്കുക വഴി പോസ്റ്റർ , കാർഡ് എന്നിവയുടെ നിർമാണത്തിൽ പ്രാവിണ്യം നേടുക. | വർഷത്തിൽ 2 പ്രാവശ്യം | ഐ . ടി അധ്യാപകർ | |
| LibreOffice Writer എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മലയാളം , ഇംഗ്ലീഷ് ടൈപ്പിംഗ് പരിചയപ്പെടുത്തുന്നു. | വിദ്യാലയത്തിലെ വിവിധ പരിപാടികളുടെ ഭാഗമായി കത്ത് , നോട്ടീസ് എന്നിവ തയ്യാറാക്കുന്നത് വഴി മലയാളം , ഇംഗ്ലീഷ് ടൈപ്പിംഗിൽ പരിശീലനം നേടുന്നു. | വർഷത്തിൽ 4 പ്രാവശ്യം | ഐ . ടി അധ്യാപകർ | |
| വീഡിയോ എഡിറ്റിംഗ് , ആനിമേഷൻ സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തൽ | വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് വിദഗ്ധരെ കൊണ്ട് കുട്ടികൾക്ക് പരിശീലനം നൽകുന്നു. | വർഷത്തിൽ 1 പ്രാവശ്യം | ഐ . ടി അധ്യാപകർ | |
| വെബ് പേജ് ഡിസൈനിംഗ് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തൽ | വർക്ക്ഷോപ്പ് , സ്കൂൾ ശാസ്ത്രമേള ക്ലാസ്സ് പ്രവർത്തനങ്ങൾ ഇവയിലൂടെ കുട്ടികൾക്ക് പരിശീലനം നൽകുന്നു | വർഷത്തിൽ 1 പ്രാവശ്യം | ഐ . ടി അധ്യാപകർ | |
| മെയിൽ ഐ ഡി ഉണ്ടാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ഇൻറർനെറ്റ് വഴി മെയിൽ അക്കൗണ്ട് ഉണ്ടാക്കുവാനും മെയിൽ അയക്കാനും ക്ലാസ്സ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് പരിശീലനം നൽകുന്നു | വർഷത്തിൽ 1 പ്രാവശ്യം | ഐ . ടി അധ്യാപകർ | |
| പ്രോഗ്രാമ്മിങ്ങ് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തൽ | വർക്കഷോപ്പുകളിലൂടെയും സ്കൂൾ ശാസ്ത്രമേളകളിലൂടെയും കുട്ടികൾക്ക് പരിശീലനം നൽകുന്നു | വർഷത്തിൽ 1 പ്രാവശ്യം | ഐ . ടി അധ്യാപകർ | |
| ക്ലാസ്സ് പി . ടി .എ സജ്ജീവമാക്കൽ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ<br><br>പഠന പുരോഗതി പരിശോധിക്കൽ , മികവുകളുടെ അവതരണം പൊതു ചർച്ച എന്നിവ സംഘടിപ്പിക്കുന്നു | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

| മെഡിക്കൽ ക്യാമ്പ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | ദിവസവും വിവിധ വ്യായാമ മുറകൾ അഭ്യസിപ്പിക്കുന്നു. യോഗ പരിശീലിപ്പിക്കുന്നു | അധ്യന വർഷത്തിലെ പ്രവർത്തി ദിവസങ്ങളിൽ | കായിക അധ്യാപിക | |
| കുട്ടികളിലെ ഏകീകരണം | എയറോബിക് പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു | പ്രവർത്തി ദിവസങ്ങളിൽ | കായിക അധ്യാപിക | |
| ഗെയിമിനെ കുറിച്ചുള്ള അവബോധം | ഫുഡ്ബോൾ , കരാട്ടെ ആം രസ്ലിങ്ങ് മൈനര ഗെയിം എന്നിവ നടത്തുന്നു | പ്രവർത്തി ദിവസങ്ങളിലും<br>അവധി ദിവസങ്ങളിലും | കായിക അധ്യാപിക | |
| ജന്മദിനത്തിനൊരു പുസ്തകം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | കുട്ടികളുടെ ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥ ശാലയിലേക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജന്മ ദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ , ക്ലാസ്സ് ലീഡർ | |
| സമ്മർ ഗ്രാമർ സ്കൂൾ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് വ്യാകരണ പദങ്ങളിൽ പ്രാവിണ്യം നേടൽ | പൂർവ്വ അധ്യാപകരെ പ്രയോജനപ്പെടുത്തി അവധികാലത്ത് ക്ലാസ്സ് നടത്തുന്നു | അവധി ദിവസങ്ങളിൽ | എസ്.എസ്.ജ ി | |
| നിശാപാഠശാല | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പിന്നോക്കകാരായ പത്താം ക്ലാസ്സിലെ കുട്ടികൾക്ക് വൈക്കീട്ടു പരിശീലനം | പൊതുവായ പരീക്ഷകൾക്ക് മുൻപായി ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലനം വൈകീട്ട് നല്കുന്നു | പ്രതിവർഷം ഒരു മാസം | പി.ടി.എ എച്ച്. എം അധ്യാപകർ | |

| പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സമൂഹ<br>പങ്കാളിത്തം<br>ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിച്ചു ചേർക്കൽ .<br>അവരുടെ മുൻപിൽ വിദ്യാലയതിന്റെ ആവശ്യങ്ങൾ അവതരിപ്പികൾ | വർഷത്തിൽ<br>ഒരു<br>പ്രാവശ്യം | എസ്.എസ്.ജി,<br>ഒ. എസ്. എ | |
| പൊതിചോറ് | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വിദ്യാലയം<br>ജീവ<br>കാരുണ്യ<br>പ്രവർ<br>ത്തനങ്ങളി<br>ൽ<br>പങ്കെടുക്ക<br>ൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥിക്കളും അധ്യാപകരും ഇതര ജീവനക്കാരും ഭക്ഷണപൊതികൾ , നിത്യോപയോഗ വസ്തുക്കൾ തുടങ്ങിയവ സമീപത്തുള്ള അനാഥാലയം , ആശുപത്രി  എന്നിവയ്ക്ക് വിതരണം ചെയ്യുന്നു | വർഷത്തിൽ<br>മൂന്നു<br>പ്രാവശ്യം | എസ്.ആർ.ജി | |
| മത്സരപരീക്ഷകൾക്ക് പരിശീലനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അറിവിന്റെ<br>ജനകീയ<br>വൽ<br>ക്കരണം | പരീക്ഷകൾക്ക് തയ്യാറാകുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സജ്ജരാക്കുന്നു<br>കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾ ക്ക് അവധി ദിവസങ്ങളിൽ പ്രത്യേക പരിശീലനം നൽകി വരുന്നു | അവധി<br>ദിവസങ്ങളിൽ | | |

## <u>പ്രതീക്ഷിത നേട്ടങ്ങൾ</u>

ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

സ്കൂൾ സമൂഹം എന്ന ആശയം സാക്ഷാത്ക്കരിക്കുന്നു.

വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ
കഴിയുന്നു.

# <u>മോണിട്ടറിംഗ്   രീതി</u>

ഉദ്യോഗസ്ഥതലത്തിലുള്ള  മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.

സോഷ്യൽ മോണിട്ടറിംഗ് രീതി

(പി.ടി.എ, എം.പി.ടി.എ,എസ്.എസ്.ജി.,ഒ.എസ്.എ,)എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

ദൈനംദിന മോണിട്ടറിംഗ്  എച്ച്. എം ന്റെ നേതൃത്വത്തിൽ  നടത്തുന്നു.

# ഉപസംഹാരം

വിദ്യാർത്ഥികളുടെ സർവതോന്മുഖമായ വളർച്ചയാണ് ഒരു വിദ്യലയത്തിന്റെ മികവ്. ഇതിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിനവശ്യമായ അക്കാദമികവും ഭൗതികവുമായ പദ്ധതികൾ രൂപകൽപന ചെയ്യിരിക്കുന്നു.. വ്യക്തമായ മുന്നോരുക്കങ്ങളിലൂടെ സമയബന്ധിതമായി സമഗ്ര വിദ്യാലയ വികസനപരിപടി നടപ്പിലാക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. 1500 ഓളം പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ആസൂത്രണം ചെയ്യ പദ്ധതികൾ വിദ്യാർത്ഥികളുടെ വിജ്ഞാന തൃഷ്ണക്കും ഭാഷാശേഷി വികസനത്തിനും സമഗ്ര വികസനത്തിനും കാരണമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു . വിദ്യാർത്ഥികളുടെ പഠന പഠ്യേതര മേഖലകളിൽ മികവ് കൈവരിക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായമാകട്ടെ എന്ന് പ്രതീക്ഷിച്ചു കൊണ്ട് ഈ മാസ്റ്റർ പ്ലാൻ പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നു

# ST. ANNE'S C G H S WESTFORT, THRISSUR

